"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി ശിപാർശ - സാധാരണഅവധി അനുവദിച്ചും ബഹു. ഹൈക്കോടതിയുടെ W.P.(Crl.) No. 1388/2025 കേസിലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4414/2025/HOME തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസിന്റെ 24.04.2025 തീയതിയിലെ KPCS/887/2025-WP1 നമ്പർ കത്ത്.
2. W.P.(Crl.) No. 1388/2025 കേസിൽ 31.10.2025 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 18.02.2025 തീയതിയിൽ കൂടിയ ജയിൽ ഉപദേശക സമിതി ചുവടെപ്പറയുന്ന 3 അന്തേവാസികൾക്ക് സാധാരണഅവധി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി:

**1. സി.നം.4462 ബിനു @ റോയി S/o രാജപ്പൻ**

**2. സി.നം.4643 സൂരജ് എസ്. കുമാർ S/o സുരേന്ദ്രപണിക്കർ**

**3. സി. നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫർ**

പ്രസ്തുത സമിതി ശിപാർശയുടെ മിനിട്സും ആവശ്യമായ രേഖകളും ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസ് പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. പ്രസ്തുത ശിപാർശയിൽ ഉൾപ്പെട്ടിരുന്ന സി നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫർ എന്ന അന്തേവാസിയുടെ ഭാര്യ ശ്രീമതി ഷമീറ എസ്. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(Crl) No. 1388/2025 കേസ് ബഹു. കോടതി പരാമർശം (2) പ്രകാരം, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശം നൽകി തീർപ്പാക്കുകയുണ്ടായി:

*"Accordingly, there will be a direction to the 1st respondent to take a decision, in accordance with law, on the recommendation of the Prison Advisory Board to grant ordinary leave to the petitioner's husband within a period of one month from the date of receipt of a certified copy of this judgment.*

*Writ petition is disposed of as above."*

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 18.02.2025 തീയതിയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ കൂടിയ ജയിൽ ഉപദേശക സമിതി ശിപാർശ പരിഗണിച്ച്, 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 469 പ്രകാരം ചുവടെ പറയുന്ന 2 അന്തേവാസികൾക്ക് ആദ്യതവണയായി 15 ദിവസത്തെ സാധാരണ അവധി അനുവദിക്കുന്നു:

**1. സി.നം.4462 ബിനു @ റോയി S/o രാജപ്പൻ**

**2. സി.നം.4643 സൂരജ് എസ്. കുമാർ S/o സുരേന്ദ്രപണിക്കർ**

4. അവധി കാലയളവിൽ അന്തേവാസികളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസിന് യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

5. 2014-ലെ കേരള പ്രിസൺസ് & കറക്ഷണൽ സർവീസസ് (മാനേജ്മെന്റ്) റൂൾസിലെ ചട്ടം 397 (എൽ)(iii) പ്രകാരം അവധിയിൽ വിട്ടതൽ ചെയ്യാൻ അർഹതയില്ലാത്ത തടവുകാരുടെ വിഭാഗത്തിൽ വരുന്നതിനാൽ സി. നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫർ എന്ന അന്തേവാസിയുടെ സാധാരണ അവധിക്കുള്ള ശിപാർശ നിരസിച്ചും അപ്രകാരം പരാമർശിത വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം( ആമുഖ കത്ത് സഹിതം)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺ ആന്റ് കറക്ഷണൽ സർവീസസ്, തിരുവനന്തപുരം (കേസ് ഫയലുകൾ സഹിതം)
ശ്രീമതി ഷമീറ എസ്., റ്റി.സി.36/123, പള്ളം ഹൗസ്, വള്ളക്കടവ് പി.ഒ., തിരുവനന്തപുരം - 695008
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, പൂജപ്പുര, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 24-12-2025 18:24:33